പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 370 — 29. 06. 2015 ൽ മറുപടിക്ക്

കേന്ദ്ര വൈദ്യുതി നിയമഭേദഗതി

ചോദ്യം — ഉത്തരം

ശ്രീ.എം.എ. ബേബി
" എ.കെ.ബാലൻ
" സാജു പോൾ
" ജെയിംസ് മാത്യു

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര വൈദ്യുതി നിയമഭേദഗതിയിലൂടെ സംസ്ഥാനത്തെ വൈദ്യുതി മേഖലയിൽ എന്തെല്ലാം പ്രതിബന്ധങ്ങൾഉണ്ടാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;<br><br>(ബി) പ്രസ്തുത ഭേദഗതിയിലൂടെ സംസ്ഥാനത്തുണ്ടാകാനിടയുള്ള വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ,(ബി) & (സി)<br><br>ഇലക്ട്രിസിറ്റി ആക്ട്, 2003 ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ വൈദ്യുതി ഭേദഗതി കരട് ബിൽ, 2013 ഒക്ടോബർ 17- ാം തീയതി കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കരട് വിജ്ഞാപനത്തിന്റെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.<br><br>1) വൈദ്യുതി വിതരണമേഖല വിഭജിച്ച്, വിതരണ ലൈനുകളുടെ ചുമതലയുള്ള വിതരണ കമ്പനിയും, വൈദ്യുതി വാങ്ങി വിതരണ കമ്പനിയുടെ ലൈനുകൾ ഉപയോഗിച്ച് വൈദ്യുതി വിൽപ്പന നടത്തുന്ന സപ്ലൈ ലൈസൻസിയും രൂപം കൊള്ളേണ്ടതാണ്.<br><br>2) വൈദ്യുതി വാങ്ങി വിൽപ്പന നടത്തുന്നതിന് ഓരോ പ്രദേശത്തും ഒന്നിലധികം സപ്ലൈ കമ്പനികൾ ഉണ്ടാകും.<br>3) ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ കമ്പനികളിൽ നിന്നും വൈദ്യുതി വാങ്ങാൻ അവസരം നൽകുമെന്നും, ഇത് മത്സരം സൃഷ്ടിക്കാനും മെച്ചപ്പെട്ട സേവനം നല്കാനും അവസരം ഒരുക്കുമെന്നും ടി ബിൽ നിർദ്ദേശിക്കുന്നു.<br>4) കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ |

| | |
|---|---|
| (സി) കേന്ദ്ര വൈദ്യുതി നിയമഭേദഗതി സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് ഉണ്ടാക്കുന്നപ്രതിസന്ധികളെക്കുറിച്ചുള്ള ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ? | പുറപ്പെടുപ്പെടുവിക്കുന്ന ദേശീയ ഇലക്ട്രിസിറ്റി പോളിസി, ദേശീയ താരിഫ് പോളിസി എന്നിവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റുകൾ, വൈദ്യുതി ഉൽപാദകർ, മറ്റ് എല്ലാ ലൈസൻസികൾ എന്നിവർക്ക് നിർബന്ധമാക്കിയിട്ടുണ്ട്.<br>5) റിന്യൂവബിൾ എനർജി ഉത്പാദകരിൽ നിന്നുള്ള ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും ടി കരട് വിജ്ഞാപനം നിർദ്ദേശിക്കുന്നു.<br><br>ടി കരട് ബില്ലിലെ ചില ഭേദഗതികൾ സംസ്ഥാന വൈദ്യുതി ബോർഡിനും സംസ്ഥാനത്തിലെ ജനങ്ങൾക്കും ദോഷകരമാണെന്ന് വൈദ്യുതി ബോർഡ് വിലയിരുത്തിയിട്ടുണ്ട്. ടി കരട് വിജ്ഞാപനത്തിൻ മേലുള്ള കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ഇതിന്റെ ഒരു പകർപ്പ് അനുബന്ധമായി- വച്ചിട്ടുണ്ട്.<br><br>കരട് ബില്ലിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുകയാണെങ്കിൽ ടി വിജ്ഞാപനം വരുന്ന മൂന്ന് വർഷത്തിനുള്ളിൽ വിതരണ ലൈസൻസികളിൽ നിന്ന് സപ്ലൈ ആക്ടിവിറ്റി മാറ്റേണ്ടതും വിതരണ ലൈസൻസികളുടെ ഉത്തരവാദിത്വം വൈദ്യുതി ശൃംഖലകൾ ഉണ്ടാക്കുന്നതിലും അവയുടെ അറ്റകുറ്റപണികൾ നടത്തുന്നതിലും മാത്രമായി മാറുന്നതാണ്. കൂടാതെ ഇത്തരം വൈദ്യുതി ശൃംഖലകളിൽ കൂടി സപ്ലൈ ലൈസൻസികൾക്ക് വൈദ്യുതി കടത്തി ഉപഭോക്താവിന് വിൽക്കുന്നതിന് അനുവാദം നല്കേണ്ടതാണ്.<br><br>വൈദ്യുതി, ഉപഭോക്താവിന് എത്തിക്കുന്നതിനുള്ള പരിപൂർണ്ണ ഉത്തരവാദിത്വം സപ്ളൈ ലൈസൻസികളിൽ മാത്രം നിക്ഷിപ്തമാവുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി നല്കുന്നതിന് സപ്ലൈലൈസൻസികൾ വരാത്തപക്ഷം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ തന്നെയായിരിക്കും അവരുടെ 'ഇൻകുംബെന്റ് |

സപ്ലൈ' ലൈസൻസി അഥവാ, ഡിസ്ട്രിബ്യൂഷൻ ലൈസൻസി-കളായിരിക്കും ആ വിഭാഗം ഉപഭോക്താക്കൾക്ക് സപ്ലൈ നല്കുന്നതിന് ബാധ്യതപ്പെട്ടിരിക്കുന്നത്.

കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി സംബന്ധിച്ച ആശങ്കകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് വൈദ്യുതി ഉപയോഗത്തിന്റെ 50 ശതമാനത്തോളം ഉപയോഗം ഗാർഹിക ഉപഭോക്താക്കളാണ്. ഈ ഉപഭോക്താക്കൾക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി നല്കിവരുന്നു. ഇത്തരം കുറഞ്ഞ വൈദ്യുതി നിരക്ക് ഒരു പരിധിവരെ കോമ്പൻസേറ്റ് ചെയ്യുന്നത്, വാണിജ്യ ഉപഭോക്താക്കളിൽ നിന്നുള്ള ക്രോസ് സബ്സിഡി മുഖേനയാണ്.

ഈ കാരണത്താൽ തന്നെ ഏതെങ്കിലും പ്രത്യേക ഉപഭോക്താക്കൾക്ക് മാത്രം സപ്ലൈ ലൈസൻസികൾ അനുവദിക്കുന്നതും ക്രോസ് സബ്സിഡി എടുത്ത് കളയുന്നതും കെ.എസ്.ഇ.ബി.യെ പ്രതികൂലമായി ബാധിക്കും. കൂടാതെ കാലാകാലങ്ങളായി പൊതു ഖജനാവ് ഉപയോഗിച്ച് വിപുലപ്പെടുത്തിയിട്ടുള്ള വൈദ്യുതി വിതരണ ശൃംഖല ചില വിഭാഗം ഉപഭോക്താക്കൾക്ക് മാത്രമായി ലൈസൻസ് അനുവദിക്കുന്നതിനുള്ള അനൗചിത്യവും വിലയിരുത്തിയിട്ടുണ്ട്.

ഈ കാരണത്താൽ വിശദമായ പഠനങ്ങൾക്ക് ശേഷവും സംസ്ഥാനത്തെ കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിയ്ക്കുന്ന ഉപഭോക്താക്കളെ ബാധിക്കാത്ത തരത്തിലും സംസ്ഥാനത്തിന്റെ പ്രത്യേക സാമൂഹിക സാമ്പത്തിക സ്ഥിതി പരിഗണിച്ചും മാത്രമേ സംസ്ഥാനത്ത് ഈ കരട് നിർദ്ദേശങ്ങൾ അനുവദിക്കാവുകയുള്ളൂ എന്ന് കെ.എസ്.ഇ.ബി. കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| | വൈദ്യുതി ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെടുന്ന വിഷയമായതുകൊണ്ട് തന്നെ സംസ്ഥാന ഗവൺമെന്റ് സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക സ്ഥിതി പരിഗണിച്ച് മാത്രമേ ഈ വിഷയത്തിൽ ഉചിതമായ തീരുമാനമെടുക്കുകയുള്ളൂ.. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്